(ഡി) അന്യസംസ്ഥാനങ്ങളിൽ നിന്നും രോഗബാധിതരായ ആടുമാടുകളെ സംസ്ഥാനത്ത് എത്തിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇത് തടയുന്നതിന് ചെക്ക് പോസ്റ്റുകളിൽ മൃഗസംരക്ഷണ വകുപ്പിന്റെ നിയന്ത്രണം കർശനമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 29-5-2004 മുതൽ നിലവിൽ വന്നു.

(ബി) 1. കാലി സമ്പത്തിന്റെ ആരോഗ്യ സംരക്ഷണത്തിലൂടെ ഉത്പാദനം മെച്ചപ്പെടുത്തി കർഷകരുടെ സാമൂഹ്യ സാമ്പത്തിക നിലവാരം ഉയർത്തുക.

2. സംസ്ഥാനത്തെ ഒരു കാലിരോഗ നിയന്ത്രിത മേഖലയാക്കി മാറ്റുക.

3. ദേശീയ-അന്തർ ദേശീയ കമ്പോളത്തിൽ കേരളത്തിൽ നിന്നുള്ള മൃഗങ്ങൾക്കും മൃഗഉൽപ്പന്നങ്ങൾക്കും മെച്ചപ്പെട്ട വില ലഭ്യമാക്കി കയറ്റുമതി സാദ്ധ്യതകൾ മെച്ചപ്പെടുത്തുക.

(സി) 12 ലക്ഷത്തോളം കന്നുകാലികളെ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കി.

(ഡി) ഉണ്ട്.

(ഇ) ചെക്ക് പോസ്റ്റുകളിൽ വാക്സിനേഷൻ സർട്ടിഫിക്കറ്റുകൾ നിർബന്ധിതമാക്കുക, ചെക്ക് പോസ്റ്റുകൾ വഴി എത്തുന്ന മൃഗങ്ങൾക്ക് പ്രത്യേക നിറത്തിലുള്ള തിരിച്ചറിയൽ ടാഗ് അടിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കുളമ്പുരോഗ പ്രതിരോധത്തിനായി ആടുകൾക്ക് നൽകിയ കുത്തിവയ്പ്

136 [2035] ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുളമ്പ് രോഗത്തിനുള്ള പ്രതിരോധ കുത്തിവയ്പ് നടത്തിയതുമൂലം കോഴിക്കോട് ജില്ലയിൽ ബ്രോയ്ലർ ഇനത്തിൽപ്പെട്ട ആടുകൾക്ക് ഗർഭഛിദ്രം സംഭവിച്ചതായും മറ്റ് ചിലതിന് ഗർഭധാരണം നടക്കുന്നില്ലെന്നുമുള്ളതിനാൽ ഉടമസ്ഥന് ആടു വളർത്തലിനുവേണ്ടി എടുത്ത രണ്ടുലക്ഷം രൂപ തിരിച്ചടയ്ക്കാൻ സാധിക്കാത്ത പരിതസ്ഥിതി കാണിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) അപേക്ഷകന് എന്തെങ്കിലും നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. കോഴിക്കോട് കോ-ഓർഡിനേറ്റർ അന്വേഷണം നടത്തിയിട്ടുണ്ട്. 15-10-2004-ൽ കുത്തിവയ്പ് നടത്തിയതിന് ശേഷം 20-10-2004-ൽ ഒരാടിന് ഗർഭം അലസുകയുണ്ടായി. തുടർന്ന് പല ദിവസങ്ങളിലായി 9 ആടുകൾക്ക് ഗർഭം അലസൽ ഉണ്ടായി. ഗർഭമലസൽ ഉണ്ടായത് ബ്രൂസല്ലോ സിസ് പോലെയുള്ള അണുബാധമൂലമാണെന്ന് സംശയിക്കുന്നതായി അന്വേഷണം നടത്തിയ കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(സി) ഇല്ല. കുത്തിവയ്പ് നടന്ന് മൂന്ന് ദിവസത്തിനുള്ളിൽ ഉണ്ടായിട്ടുള്ളതും വാക്സിനേഷന്റെ പാർശ്വഫലംമൂലം സംഭവിച്ചിട്ടുള്ളതുമായ മരണങ്ങൾക്കും ഗർഭമലസലിനുമാണ് നഷ്ടപരിഹാരം നൽകുന്നത്. ഇക്കാരണത്താൽ ടിയാൾക്ക് നഷ്ടപരിഹാരം നൽകാൻ കഴിഞ്ഞിട്ടില്ല.

കേരളത്തിലെ പാലുല്പാദനം

137 [2036] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ ആകെ ഉൽപ്പാദിപ്പിക്കുന്ന പാൽ എത്ര ;

(ബി) അതിൽ മിൽമ ശേഖരിക്കുന്ന പാൽ എത്ര ;

(സി) കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ പാലും ശേഖരിച്ച് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം മിൽമയ്ക്ക് ഉണ്ടോ;

(ഡി) ഒരു ദിവസത്തെ വിതരണത്തിനാവശ്യമായ പാൽ എത്ര ;

(ഇ) ഓരോ ജില്ലയിലും പ്രതിദിനം ഉല്പാദിപ്പിക്കുന്ന പാൽ എത്ര ?

ഉത്തരം

(എ) 2003-2004 വർഷത്തിൽ കേരളത്തിൽ 21.11 ലക്ഷം മെട്രിക് ടൺ പാൽ ഉൽപാദിപ്പിച്ചതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

(ബി) 2003-2004 വർഷം 2.098 ലക്ഷം മെട്രിക് ടൺ ലിറ്റർ പാൽ മിൽമ ശേഖരിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) 7.37 ലക്ഷം ലിറ്റർ പാൽ പ്രതിദിന വിതരണത്തിനായി മിൽമയ്ക്ക് ആവശ്യമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly